# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

25.03.2013-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1824

## നെല്ലിയാംപതിയിലെ പരിസ്ഥിതി ദുർബ്ബലമേഖല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) നെല്ലിയാംപതിയിലെ പരിസ്ഥിതി ദുർബ്ബല മേഖലയിൽ പോബ്സ് ഗ്രൂപ്പ് നിയമവിരുദ്ധമായി സ്ഥലം കൈവശം വെച്ചുവരുന്നുണ്ടോ; അറിയിക്കാമോ; | എ) ഇല്ല. എന്നാൽ നെന്മാറ വനം ഡിവിഷനിൽ കൊല്ലംകോട് റെയിഞ്ചിന്റെ പരിധിയിലുള്ള പയലൂർ വില്ലേജിലെ സർവ്വെ നമ്പർ 492, 493, 494 എന്നിവയിൽ ഉൾപ്പെട്ട 5.5 ഹെക്ടർ (13.585 ഏക്കർ) സ്ഥലം പോബ്സ് ഗ്രൂപ്പിന്റെ അധീനതയിൽ ഉണ്ടായിരുന്നു. ടി ഭൂമി 08.12.2006-ലെ ഇ.എഫ്.എൽ 6-121/2006 നമ്പർ പ്രകാരമുള്ള വിജ്ഞാപനം മുഖേന ഏറ്റെടുത്ത് 30.01.2007-ലെ കേരള ഗസറ്റ് നമ്പർ 5 Vol.52 സീരിയൽ നമ്പർ 3 ആയി പ്രസിദ്ധപ്പെടുത്തി ഇ.എഫ്.എൽ ഭൂമി ആയി സംരക്ഷിച്ചുവരുന്നു. |
| ബി) ഉണ്ടെങ്കിൽ ഇത് എത്രയാണ്; കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം അറിയിക്കാമോ? | ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ